**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4116</u>** **<u>17-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഡി.വൈ.എസ്.പി., എസ്.പി ഓഫീസുകളിൽ കുടുംബശ്രീ എക്സ്റ്റൻഷൻ സെന്ററുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് തുണയായി സംസ്ഥാനത്തെ എല്ലാ ഡി.വൈ.എസ്.പി., എസ്.പി. ഓഫീസുകളിലും കുടുംബശ്രീ എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന രീതി വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ ഡിവൈ.എസ്.പി., എസ്.പി ഓഫീസുകളിലും (84 എണ്ണം) കുടുംബശ്രീ സ്നേഹിത-പോലീസ് എക്സ്റ്റെൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ആദ്യ ഘട്ട സംസ്ഥാന തല പരിശിലനം പൂർത്തികരിച്ചിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ബാച്ചുകളുടെ പരിശീലനങ്ങൾ നടന്ന് വരുന്നു. മൂന്ന് ബാച്ച് പരിശീലനങ്ങളും പൂർത്തീകരിച്ച ശേഷം 2025 മാർച്ച് മാസത്തിൽ പദ്ധതി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>അതിക്രമങ്ങൾക്ക് ഇരയായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പ്രാഥമിക മാനസിക പിന്തുണ, കൗൺസിലിംഗ്, കൂടുതൽ പിന്തുണ ആവശ്യമുള്ളവരെ മാനസികാരോഗ്യ വിദഗ്ധരുടെ അടുത്തേക്ക് റഫർ ചെയ്യുക എന്നിവയാണ് പ്രസ്തുത സെന്ററുകളിലേക്ക് നിയോഗിക്കപ്പെടുന്ന കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പ്രധാന കർത്തവ്യങ്ങൾ.<br><br>സ്നേഹിത-പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെന്ററുകൾ ആഴ്ചയിൽ മുൻ നിശ്ചയിക്കപ്പെട്ട രണ്ട് ദിവസം പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനതല പരിശിലനം പൂർത്തികരിച്ച കമ്മ്യൂണിറ്റി കൗൺസിലർമാരെ സംസ്ഥാനത്തെ എല്ലാ ഡിവൈ.എസ്.പി., എസ്.പി ഓഫീസുകളിലും നിയമിച്ചുകൊണ്ട്, ഓഫീസിലെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നിർദേശപ്രകാരം മേൽ പറഞ്ഞ പിന്തുണ ഉറപ്പാക്കുന്നതാണ് പ്രവർത്തന രീതി. |
| (ബി) | പ്രസ്തുത സെന്ററുകളിൽ നിയമിക്കുന്ന ജീവനക്കാരുടെ തസ്തികകളും അതിനുള്ള യോഗ്യതകളും നിയമന | (ബി) | കുടുംബശ്രീയുടെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു വരുന്ന പഞ്ചായത്ത് തല സംവിധാനമായ ജെൻഡർ |

| | | | |
|---|---|---|---|
| | രീതിയും ശമ്പളവും വിശദമാക്കാമോ? | | റിസോഴ്സ് സെന്ററുകളിൽ (ജി.ആർ.സി) ചുമതല നൽകിയിട്ടുള്ള കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് നിശ്ചിത പ്രവർത്തന ദിവസങ്ങൾ അധികരിക്കാതെ അധിക ചുമതല നൽകിക്കൊണ്ട് പ്രസ്തുത വ്യക്തികളെ എല്ലാ ഡിവൈ.എസ്.പി./എസ്.പി ഓഫീസുകളിലും നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>എം.എസ്.ഡബ്ല്യു , എം .എ സൈക്കോളജി, എം എസ് സി സൈക്കോളജി, അഥവാ തത്തുല്യ യോഗ്യതയുള്ളവരെയാണ് ഡി.വൈ.എസ്.പി., എസ്.പിഓഫീസുകളിൽ നിയമിക്കുന്നതിന് പരിഗണിക്കുന്നത്. എന്നാൽ അവരുടെ അഭാവത്തിൽ മാനസികാരോഗ്യ മേഖലയിൽ പ്രവൃത്തി പരിചയവും കാര്യശേഷിയും പരിഗണിച്ച് ഏതെങ്കിലും ബിരുദം ഉള്ളവരെയും പരിഗണിച്ചിട്ടുണ്ട്. നിയമനത്തിന് അഭിരുചി, നൈപുണ്യം എന്നിവയും പരിഗണിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ ജില്ലാ മിഷൻ എഴുത്ത് പരീക്ഷ/ഇന്റർവ്യൂ എന്നിവ നടത്തി പ്രതിദിന സേവനത്തിന് 750/- രൂപ നിരക്കിൽ മാസം പരമാവധി 12,000/- രൂപയിൽ കവിയാത്ത ഹോണറേറിയത്തിൽ നിയമിക്കുന്നു. |

സെക്ഷൻ ഓഫീസർ